# തിരുവനന്തപുരം നഗരസഭ

## സെപ്റ്റേജ് റിസീവിംഗ് ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ബൈലോ

1. **നിർവ്വചനം: തിരുവനന്തപുരം നഗരസഭാ പരിധിക്കുള്ളിൽ സെപ്റ്റേജ് മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നസ്വകാര്യവാഹനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ബൈലോ എന്ന് അർത്ഥമാക്കുന്നു.**

2. തിരുവനന്തപുരം നഗരസഭാ പരിധിക്കുള്ളിൽ സ്വകാര്യ വ്യക്തികളോ സംരഭങ്ങളോ സെപ്റ്റജ് മാലിന്യം ശേഖരിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്നത് സംബന്ധിച്ച നടപടി ക്രമങ്ങളാണ് ഈ ബൈലോയിൽ ഉൾക്കൊള്ളുന്നത്

   **2.1** നഗരസഭ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബൈലോ പ്രാബല്യത്തിൽ വരുന്നതാകുന്നു.

3. **ലക്ഷ്യങ്ങൾ**

   **3.1** തലസ്ഥാന നഗരത്തിലെ സെപ്റ്റേജ് മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിന് സൗകര്യമൊരുക്കുക.

   **3.2** സെപ്റ്റേജ് മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും നിക്ഷേപിക്കുന്നത് തടയുക.

   **3.3** തിരുവനന്തപുരം നഗരത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ സെപ്റ്റേജ് വാഹനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുക.

4. **സെപ്റ്റേജ് കളക്ഷൻ വാഹനങ്ങൾ**

   വീടുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ സെപ്റ്റേജ് മാലിന്യം ശേഖരിച്ച് സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനിലേയക്ക് കൊണ്ടു വരുന്നതിനു വേണ്ടി ശാസ്ത്രീയമായി രൂപകല്പന ചെയ്തതും നഗരസഭാ ലൈസൻസ് ഉള്ളതുമായ വാഹനം എന്നർത്ഥമാകുന്നു.

**5. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷൻ**

സെപ്റ്റജ് കളക്ഷൻ വാഹനങ്ങൾ ഉപയോഗിച്ച് ശേഖരിച്ചു കൊണ്ടു വരുന്ന സെപ്റ്റേജ് മാലിന്യങ്ങൾ ട്രീറ്റ്മെന്റിനായി സ്വീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭയും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി ഏർപ്പെടുത്തിയിട്ടുള്ള ശാസ്ത്രീയ സംവിധാനം.

**6. നഗരസഭ**

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു.

**7. സെക്രട്ടറി**

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നർത്ഥമാകുന്നു.

**8. ഹെൽത്ത് ഓഫീസർ**

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ ഹെൽത്ത് വിഭാഗത്തിന്റെ തലവൻ എന്നർത്ഥമാകുന്നു.

**9. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷൻ ചാർജ്ജ് ഓഫീസർ**

സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളുടെ ചുമതലയുള്ള കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

**10. ലൈസൻസ്**

സെപ്റ്റേജ് കളക്ഷൻ വാഹനങ്ങളുടെ ഉപയോഗത്തിന് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി നിശ്ചിത കാലത്തേയ്ക്ക് നഗരസഭയിൽ നിന്ന് നൽകുന്ന അനുമതി എന്നർത്ഥമാകുന്നു.

**11. ലൈസൻസി**

ലൈസൻസ് ലഭിച്ച വാഹനത്തിന്റെ ഉടമ എന്നർത്ഥമാകുന്നു.

**12. കോൾ സെന്റർ**

സെപ്റ്റേജ് ശേഖരണ സംവിധാനത്തിന്റെ ഫലപ്രദമായ നിർവ്വഹണത്തിനായി നഗരസഭ ഒരുക്കുന്ന കോൾ സെന്റർ എന്നർത്ഥമാകുന്നു.

**13. സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളുടെ പരിപാലനം**

**13.1** സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളുടെ പരിപാലനച്ചുമതല കേരള വാട്ടർ അതോറിറ്റിക്കായിരിക്കും.

**13.2** സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകൾ നഗരസഭ നോട്ടിഫൈ ചെയ്യുന്നതായിരിക്കും.

**13.3** സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകൾ രാവിലെ 7 മണിമുതൽ രാത്രി 7 മണിവരെ പ്രവർത്തിക്കുന്നതായിരിക്കും.

**13.4** സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി കണക്ഷനോടു കൂടിയുള്ള ഓഫീസ് സംവിധാനം ഉണ്ടായിരിക്കണം.

**13.5** സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളിൽ കോൾ സെന്ററുമായി ബന്ധിപ്പിക്കത്തക്ക തരത്തിലുള്ള നെറ്റ്വർക്ക് സംവിധാനത്തോടു കൂടിയ കമ്പ്യൂട്ടർ സംവിധാനം ഉണ്ടായിരിക്കണം.

**13.6** സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളിൽ ആവശ്യമായ ജല ലഭ്യതയും ടോയ്‌ലറ്റ് സൗകര്യവും ഉണ്ടായിരിക്കണം.

**13.7** സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളുടെ മുന്നിലായി രാത്രികാലങ്ങളിലും വ്യക്തമായി കാണാൻ കഴിയുന്ന തരത്തിലുള്ള ബോർഡ് ഉണ്ടായിരിക്കണം. പ്രവർത്തന സമയം, കോൾ സെന്ററിന്റേയും ഹെൽത്ത് എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റേയും ഫോൺ നമ്പറുകൾ ബോർഡിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടാകണം.

**13.8** സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളുടെ അറ്റകുറ്റപ്പണികൾ സെക്രട്ടറിയുടെ മുൻകൂർ അനുമതിയോടെ വാട്ടർ അതോറിറ്റി യഥാസമയം നിർവ്വഹിക്കേണ്ടതാണ്.

**13.9** അറ്റകുറ്റപ്പണികൾക്കാവശ്യമായ തുക നഗരസഭാ ഫണ്ടിൽ നിന്ന് അനുവദിക്കേണ്ടതാണ്.

## 14. ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

**14.1** ലൈസൻസിനായി നിർദ്ദിഷ്ട ഫോറത്തിൽ വാഹന ഉടമ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**14.2** അപേക്ഷയിന്മേൽ ഹെൽത്ത് ഓഫീസറുടേയും ചാർജ്ജ് ഓഫീസറുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ സെക്രട്ടറി / സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ലൈസൻസ് അനുവദിക്കുകയോ വ്യക്തമായ കാരണം രേഖപ്പെടുത്തി അപേക്ഷ നിരസിക്കുകയോ ചെയ്യണം.

**14.3** സെക്രട്ടറി / സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ലൈസൻസ് അനുവദിച്ചാൽ 7 ദിവസത്തിനുള്ളിൽ ടി. വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്. അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ അപേക്ഷകൻ നഗരസഭാ ക്യാഷ് കൗണ്ടറിൽ ലൈസൻസ് ഫീ ഒടുക്കേണ്ടതാണ്.

**14.4** ലൈസൻസ് ഫീസ് ഒടുക്കി 7 ദിവസത്തിനുള്ളിൽ അപേക്ഷകന് ലൈസൻസും വാഹനത്തിൽ ഒട്ടിക്കുന്നതിനുള്ള സ്റ്റിക്കറും അനുവദിക്കേണ്ടതാണ്.

**14.5** ലൈസൻസ് കാലാവധി ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയായിരിക്കും

**14.6** ലൈസൻസ് പുതുക്കുന്നതിലേയ്ക്കായുള്ള അപേക്ഷകൾ ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 60 ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്.

**14.7** ലൈസൻസ് ഫീ പട്ടിക.

| ക്രമ നമ്പർ | വാഹനത്തിന്റെ തരം (ടാങ്ക് കപ്പാസിറ്റി) | ലൈസൻസ് ഫീ (രൂപ) | ലേറ്റ് ഫീ– രൂപ (ലൈസൻസ് കാലാവധി അവസാനിക്കുന്നതിന്59 ദിവസം മുമ്പു മുതൽ ലൈസൻസ് കാലാവധി അവസാനിക്കുന്ന ദിവസം വരെ.) | ലേറ്റ് ഫീ (ലൈസൻസ് കാലാവധി അവസാനിച്ച ശേഷം) |
|---|---|---|---|---|
| 1 | 5000 ലിറ്റർ വരെ | 2500 | 1000 | പ്രതിദിനം 50 രൂപ വീതം |
| 2 | 5001 ലിറ്റർ മുതൽ 7500 ലിറ്റർ വരെ | 3500 | 1500 | പ്രതിദിനം 75 രൂപ വീതം |
| 3 | 7500 ലിറ്ററിനു മുകളിൽ | 5000 | 2000 | പ്രതിദിനം 100 രൂപ വീതം |

## 15. ലൈസൻസ് വ്യവസ്ഥകൾ

**15.1** സെപ്റ്റേജ് കളക്ഷൻ വാഹനങ്ങൾ തിരിച്ചറിയുന്നതിനായി കളർ കോഡുണ്ടായിരിക്കും. സെപ്റ്റേജ് കളക്ഷൻ വാഹനങ്ങൾ ബ്രൗൺ കളർ പെയിന്റ് ചെയ്യുകയും "സെപ്റ്റജ് ശേഖരണ വാഹനം" എന്ന് മലയാളത്തിലും Septage Collection Vehicle എന്ന് ഇംഗ്ലീഷിലും കളക്ഷൻ ടാങ്കിന്റെ ഇരുപുറങ്ങളിലുമായി വലിയ അക്ഷരത്തിൽ വെള്ള നിറത്തിൽ രേഖപ്പെടുത്തണം. വാഹനത്തിന്റെ കളർ കോഡിംഗ് മാറ്റുന്നതിന് നഗരസഭാ കൗൺസിലിന് അധികാരമുണ്ടായിരിക്കും.

**15.2** സെപ്റ്റേജ് കളക്ഷൻ വാഹനങ്ങൾക്ക് നഗരസഭ അനുവദിക്കുന്ന ലൈസൻസ് നമ്പറും നഗരസഭാ ഹെൽത്ത് എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ ഫോൺ നമ്പറും കളക്ഷൻ ടാങ്കിന്റെ പിൻവശത്ത് ഫ്ളൂറസെന്റ് വെള്ള നിറത്തിൽ വലുതായി രേഖപ്പെടുത്തണം.

**15.3** സെപ്റ്റേജ് കളക്ഷൻ വാഹനങ്ങളിൽ ലൈസൻസി സ്വന്തം ചെലവിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിക്കേണ്ടതും ആയത് നഗരസഭാ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതുമാണ്.

**15.4** സെപ്റ്റേജ് കളക്ഷൻ സേവനത്തിനുള്ള യൂസർ ഫീ ഓൺലൈനായാണ് ഒടുക്കുന്നത്. ആയതിനാൽ ലൈസൻസികൾ ഉപഭോക്താക്കളിൽ നിന്ന് പണം സ്വീകരിക്കാൻ പാടില്ല.

**15.5** യൂസർഫീയിൽ നിന്നും ലൈസൻസികൾക്ക് ലഭിക്കേണ്ട തുക എല്ലാമാസും അഞ്ചാം തീയതിക്ക് മുമ്പായി, ചാർജ്ജ് ഓഫീസറിൽ

നിന്ന് ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ലൈസൻസിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക്കായോ, ചെക്കായോ കൈമാറേണ്ടതാണ്.

**15.6** സെപ്റ്റേജ് കളക്ഷൻ വാഹനങ്ങളിലെ തൊഴിലാളികളുടെ യൂണിഫോം നീല ഷർട്ടും പാന്റ്സും ആയിരിക്കും.

**15.7** സെപ്റ്റേജ് കളക്ഷൻ വാഹനങ്ങളിലെ തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ലൈസൻസി ഒരുക്കി നൽകേണ്ടതാണ്.

**15.8** ലൈസൻസ് വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ലൈസൻസ് റദ്ദു ചെയ്യുന്നതോടൊപ്പം ലൈസൻസ് വ്യവസ്ഥാ ലംഘനത്തിന് 10,000 രൂപ പിഴയായി നിശ്ചയിക്കുന്നു.

**15.9** ലൈസൻസ് ഇല്ലാത്ത സെപ്റ്റേജ് കളക്ഷൻ വാഹനം നഗരസഭാ പരിധിക്കുള്ളിൽ സെപ്റ്റേജ് ശേഖരിക്കുകയോ ഒഴുക്കിക്കളയുകയോ, ഒഴുക്കിക്കളയുന്നതിന് ശ്രമിക്കുകയോ ചെയ്താൽ ടി. വാഹനം പിടിച്ചെടുത്ത് നിയമ നടപടികൾ സ്വീകരിക്കുകയും കുറഞ്ഞത് 25,000 രൂപ മുതൽ പരമാവധി 50,000 രൂപ വരെ പിഴ ഈടാക്കുകയും ചെയ്യും.

**16. നിർവ്വഹണ നിയന്ത്രണ സംവിധാനം**

**16.1** സെപ്റ്റേജ് മാലിന്യങ്ങളുടെ പരിപാലനം സംബന്ധിച്ച പ്രവൃത്തികളുടെ മോണിറ്ററിംഗിനായി ഒരു സോഫ്റ്റ്‌വെയർ ഉണ്ടായിരിക്കും.

**16.2** പൊതുജനങ്ങൾക്ക് സേവനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനും യൂസർ ഫീ ഒടുക്കുന്നതിനുമുള്ള സംവിധാനം ഈ സോഫ്റ്റ്‌വെയറിൽ ഉണ്ടായിരിക്കും.

**16.3** സെപ്റ്റേജ് കളക്ഷനായി ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് ഈ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ മുൻഗണനാക്രമവും ജി.പി.എസ്. പ്രകാരമുള്ള ലൊക്കേഷനും അനുസരിച്ച് ലൈസൻസികൾക്ക് ചുമതല നിശ്ചയിച്ച് നൽകേണ്ടതാണ്.

**16.4** സെപ്റ്റേജ് കളക്ഷൻ വാഹനം സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനിലെത്തി ഡിസ്ച്ചാർജ്ജ് ചെയ്താലുടൻ തന്നെ ടി. വിവരം സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

**16.5** പൊതുജനങ്ങൾക്ക് സേവനത്തിനായി അപേക്ഷ ഓൺലൈൻ മുഖാന്തിരം മാത്രമായിരിക്കും സമർപ്പിക്കാൻ കഴിയുക. ഇതിലേയ്ക്ക് അക്ഷയ സെന്ററുകളുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്.

**17. കോൾ സെന്റർ**

**17.1** സെപ്റ്റേജ് മാലിന്യങ്ങളുടെ പരിപാലനം സംബന്ധിച്ച പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നതിനും പൊതുജനങ്ങളുടെ പരാതികൾ സ്വീകരിച്ച് പരിഹാരം കാണുന്നതിനുമുള്ള സംവിധാനം.

**17.2** സെപ്റ്റേജ് കളക്ഷനായി ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് ഈ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ മുൻഗണനാക്രമവും ജി.പി.എസ്. പ്രകാരമുള്ള ലൊക്കേഷനും അനുസരിച്ച് ലൈസൻസികൾക്ക് ചുമതല നിശ്ചയിച്ച് നൽകുന്നത് കോൾ സെന്ററിൽ നിന്നായിരിക്കും.

**18. ജീവനക്കാരുടെ നിയമനം**

**18.1** സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളിലേയ്ക്കും കോൾ സെന്ററിലേയ്ക്കും ആവശ്യമായ നഗരസഭാ ജീവനക്കാരെ സെക്രട്ടറി നിയമിക്കേണ്ടതാണ്.

**18.2** ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സേവനം കേരളാ വാട്ടർ അതോറിറ്റി ലഭ്യമാക്കേണ്ടതാണ്.

**18.3** സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനുകളുടെയും കോൾ സെന്ററിന്റേയും സുഗമമായ പ്രവർത്തനത്തിന് ആവശ്യമെങ്കിൽ അധിക ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടതും അതിലേയ്ക്ക് വരുന്ന ചെലവ് നഗരസഭാ ഫണ്ടിൽ നിന്ന് നല്കേണ്ടതുമാണ്.

**19. യൂസർ ഫീ**

**19.1** സെപ്റ്റേജ് കളക്ഷനുള്ള അപേക്ഷയോടൊപ്പം ഓൺലൈനായാണ് യൂസർ ഫീ ഒടുക്കേണ്ടത്.

| ക്രമ നമ്പർ | വാഹനത്തിന്റെ തരം (ടാങ്ക് കപ്പാസിറ്റി) | യൂസർ ഫീ (രൂപ) | സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷൻ സർവ്വീസ് ചാർജ്ജ് | ലൈസൻസിക്ക് ലഭിക്കുന്ന തുക |
|---|---|---|---|---|
| 1 | 5000 ലിറ്റർ വരെ | 3000 | 750 | 2250 |
| 2 | 5001 ലിറ്റർ മുതൽ 7500 ലിറ്റർ വരെ | 4000 | 1000 | 3000 |
| 3 | 7500 ലിറ്ററിന് മുകളിൽ | 6000 | 1500 | 4500 |

**19.2** അപേക്ഷ പ്രകാരം സെപ്റ്റേജ് കളക്ഷൻ വാഹനം സ്ഥലത്തെത്തുകയും നഗരസഭയുടെയോ ലൈസൻസിയുടേയോ അല്ലാത്ത കാരണങ്ങളാൽ സെപ്റ്റേജ് ശേഖരിക്കാൻ കഴിയാതെ വരുന്ന പക്ഷം ഓൺലൈനായി ഒടുക്കിയ യൂസർ ഫീയിൽ നിന്നും 1000 രൂപ നഷ്ട പരിഹാരമായി ഈടാക്കിയ ശേഷം ബാക്കി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക്ക് ട്രാൻസ്ഫറിലൂടെ തിരികെ നല്കുന്നതാണ്.

**19.3** അപ്രകാരം ഈടാക്കുന്ന 1000 രൂപയിൽ 250 രൂപ നഗരസഭാ ട്രഷറിയിലേയ്ക്കും ബാക്കി 750 രൂപ നഷ്ടപരിഹാരമായി ലൈസൻസിക്കും നൽകുന്നതാണ്.

**19.3** ലൈസൻസിക്ക് സെപ്റ്റേജ് കളക്ഷൻ വാഹനത്തിന്റെ മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതിയും മറ്റ് സൗകര്യങ്ങളും ഉപഭോക്താവ് നൽകേണ്ടതാണ്.

**20. ബൈലോ ഭേദഗതി**

ബൈലോയിൽ ഭേദഗത വരുത്തുവാനുള്ള അധികാരം തിരുവനന്തപുരം നഗരസഭാ കൗൺസിലിൽ മാത്രം നിക്ഷിപ്തമായിരിക്കും.